**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6070** — **04/11/2016 ൽ മറുപടിയ്ക്ക്**

## സ്വകാര്യ കശുവണ്ടി ഫാക്ടറികളിലെ കൂലി

**ചോദ്യം**
**ശ്രീ.ആർ.രാമചന്ദ്രൻ**

**ഉത്തരം**
**മെഴ്സിക്കുട്ടി അമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി )**

| | |
|---|---|
| (എ) കേരളത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് സർക്കാർ നിശ്ചയിക്കുന്നതിനേക്കാൾ കുറഞ്ഞ കൂലിയാണ് നൽകുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) നിയമ പ്രകാരമുള്ള കുറഞ്ഞ കൂലി നൽകാത്തതായ ഏതാനും ഫാക്ടറി കളുടെ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കൂലി, ബോണസ് എന്നിവയിൽ വെട്ടിപ്പ് നടത്തുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറി ഉടമകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ; ഇത്തരത്തിൽ നടപടിയ്ക്ക് നിർദ്ദേശി ച്ചിട്ടുള്ള ഫാക്ടറികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ; | (ബി) അസോസിയേറ്റഡ് കാഷ്യൂ ചിറയാടി-പുനുക്കന്നൂർ- കൊല്ലം , സുപ്രീം കാഷ്യൂ ഇൻഡസ്ട്രീസ് വഞ്ചിമുക്ക്- പെരുമ്പുഴ-കൊല്ലം , അൽഫോൺസാ കാഷ്യൂ - പള്ളിമൺ - കൊല്ലം എന്നീ ഫാക്ടറികളിൽ 4/10/2016 ൽ പരിശോധന നടത്തി പരിശോധനാ ഉത്തരവുകൾ നൽകി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. യൂനുസ് കാഷ്യൂ ഫാക്ടറി-പഴകുറ്റി - നെടുമങ്ങാട്-തിരുവനന്തപുരം എന്ന ഫാക്ടറിക്കെതിരെ കേസ് ഫയൽ ചെയ്തിട്ടുണ്ട്. |
| (സി) കശുവണ്ടി തൊഴിലാളികൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള കൂലി ലഭിക്കുന്നതിനും മെച്ചപ്പെട്ട തൊഴിൽ സൗകര്യങ്ങൾ ലഭിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ